# മൂപ്പന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും അന്തർദേശീയ പരിശീലനം

മാർച്ച് 2026

പൊതുവിഷയം:

## വചനത്തിന്റെ ശുശ്രൂഷയും ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും

ദൂത് ഏഴ്

## നമ്മുടെ ആസ്വാദനത്തിനും അവന്റെ വ്യവസ്ഥയുടെ പൂർത്തീകരണത്തിനുമായി ത്രിയേക ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകരുന്നതിന്റെ നിത്യ അനുഗ്രഹം

RA *Hymns*: ML626

തിരുവെഴുത്ത് വായന: 2 കൊരി. 13:14; 1 യോഹ. 1:2-7, 9; വെളി. 22:1

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |
| 1 യോഹ. 1:2 | (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); |
| 1 യോഹ. 1:3 | ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു. |
| 1 യോഹ. 1:4 | ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു. |
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. |
| 1 യോഹ. 1:6 | നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല. |
| 1 യോഹ. 1:7 | എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു. |
| 1 യോഹ. 1:9 | നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും |

സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

I. **"കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കട്ടെ" (2 കൊരി. 13:14)—ഇതാണ് നമ്മുടെ ആസ്വാദനത്തിനും അവന്റെ വ്യവസ്ഥയുടെ പൂർത്തീകരണത്തിനുമായി ത്രിയേക ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകർന്നതിന്റെ നിത്യ അനുഗ്രഹം:**

A. പിതാവിന്റെ സ്നേഹത്തോടുകൂടിയ ക്രിസ്തുവിന്റെ കൃപയുടെ ചംക്രമണം അഥവാ പ്രസരണം എന്ന നിലയിൽ പരിശുദ്ധാത്മാവ് നമ്മുടെ ക്രിസ്തീയ ജീവിതത്തിനും സഭാ ജീവിതത്തിനുമുള്ള സഹായമാണ്.

B. സഭാജീവിതം പൂർണമായും നമ്മുടെ ഉള്ളിലെ ദിവ്യവും ആത്മികവുമായ ചംക്രമണത്തിന്റെ വിവരണമായ 2 കൊരിന്ത്യർ 13:14-നെ ആശ്രയിച്ചിരിക്കുന്നു.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

C. 2 കൊരിന്ത്യർ 13:14-ൽ വെളിപ്പെടുത്തിയിരിക്കുന്ന ദിവ്യ ത്രിത്വത്തിന്റെ ആന്തരിക ചംക്രമണമായ ദിവ്യ ത്രിത്വത്തിന്റെ പ്രവാഹമാണ് നമ്മുടെ ആത്മിക നാഡീസ്പന്ദനം.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

D. ദൈവത്തിന്റെ വ്യവസ്ഥയിൽ അവന്റെ ഉദ്ദേശ്യം തന്റെ ദിവ്യ ത്രിത്വത്തിൽ— പിതാവും പുത്രനും ആത്മാവും—അവനെത്തന്നെ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് പകരുക എന്നതാണ്; സമയത്തിലുള്ള ദൈവത്തിന്റെ ഏക ലക്ഷ്യം ദിനംപ്രതി നമ്മിലേക്ക് അവനെത്തന്നെ പകരുക എന്നതാണ്—സങ്കീ. 36:8-9.

സങ്കീ. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

സങ്കീ. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

II. **ത്രിയേക ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകരുന്ന നിത്യ അനുഗ്രഹം ആസ്വദിക്കുന്നതിന്, നാം ദൈവത്തിന്റെ നിത്യസ്നേഹത്തിലേക്ക് പ്രവേശിക്കുകയും നമ്മെത്തന്നെ അതിൽ സൂക്ഷിക്കുകയും വേണം—യിരെ. 31:3:**

യിരെ. 31:3 യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.

A. "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു" (1 യോഹ. 4:19); ദൈവം ആദ്യം നമ്മെ സ്നേഹിച്ചതിലൂടെ, തന്റെ

സ്നേഹത്താൽ നമ്മെ നിവേശിപ്പിക്കുകയും, നാം അവനെയും സഹോദരന്മാരെയും സ്നേഹിക്കുന്ന സ്നേഹത്തെ നമ്മിൽ ഉളവാക്കുകയും ചെയ്തു (വാ. 20-21).

| | |
|---|---|
| 1 യോഹ. 4:20 | ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും, തന്റെ സഹോദരനെ വെറുക്കുകയും ചെയ്യുന്നവൻ, നുണയനാകുന്നു; കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുകയില്ല. |
| 1 യോഹ. 4:21 | ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സഹോദരനെയും സ്നേഹിക്കുന്നു എന്ന ഈ കൽപന അവനിൽനിന്ന് നമുക്കുണ്ട്. |

B. ആവർത്തനം 30:19-20 പറയുന്നു, "ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു എന്നതിന് ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷിവയ്ക്കുന്നു; അതുകൊണ്ട് നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിനും യഹോവ നിന്റെ പിതാക്കന്മാരായ അബ്രാഹാമിനും യിസ്ഹാക്കിനും യാക്കോബിനും കൊടുക്കുമെന്ന് സത്യം ചെയ്ത ദേശത്ത് നീ പാർപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ വാക്കു കേട്ടനുസരിക്കയും അവനോടു ചേർന്നിരിക്കയും ചെയ്യേണ്ടതിനും ജീവനെ തിരഞ്ഞെടുത്തുകൊൾക; അതല്ലോ നിനക്ക് ജീവനും ദീർഘായുസ്സും ആകുന്നു":

1. ജീവൻ തിരഞ്ഞെടുക്കാനുള്ള വഴി കർത്താവിനെ സ്നേഹിക്കുകയാണെന്നും, കർത്താവിനെ സ്നേഹിക്കാനുള്ള വഴി അവന്റെ ശബ്ദം കേട്ട് അവനെ മുറുകെ പിടിക്കുകയാണെന്നും ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നു—വാക്യ. 19-20; വെളി. 2:4, 7; ഉത്ത. 3:4; 8:13-14.

| | |
|---|---|
| ആവ. 30:19 | ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിന്നു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷിവെക്കുന്നു; അതുകൊണ്ടു നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിന്നും |
| ആവ. 30:20 | യഹോവ നിന്റെ പിതാക്കന്മാരായ അബ്രാഹാമിന്നും യിസ്ഹാക്കിന്നും യാക്കോബിന്നും കൊടുക്കുമെന്നു സത്യംചെയ്തദേശത്തു നീ പാർപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ വാക്കു കേട്ടനുസരിക്കയും അവനോടു ചേർന്നിരിക്കയും ചെയ്യേണ്ടതിന്നും ജീവനെ തിരഞ്ഞെടുത്തുകൊൾക; അതല്ലോ നിനക്കു ജീവനും ദീർഘായുസ്സും ആകുന്നു. |
| വെളി. 2:4 | എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്. |
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ |

| | |
|---|---|
| | വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| ഉത്ത. 3:4 | അവരെ വിട്ടു കുറെ അങ്ങോട്ടു ചെന്നപ്പോൾ ഞാൻ എന്റെ പ്രാണപ്രിയനെ കണ്ടു. ഞാൻ അവനെ പിടിച്ചു, എന്റെ അമ്മയുടെ വീട്ടിലേക്കും എന്നെ പ്രസവിച്ചവളുടെ അറയിലേക്കും കൊണ്ടുവരുന്നതുവരെ അവനെ വിട്ടില്ല. |
| ഉത്ത. 8:13 | ഉദ്യാനനിവാസിനിയേ, സഖിമാർ നിന്റെ സ്വരം ശ്രദ്ധിച്ചു കേൾക്കുന്നു; അതു എന്നെയും കേൾപ്പിക്കേണമേ. |
| ഉത്ത. 8:14 | എന്റെ പ്രിയാ നീ പരിമളപർവ്വതങ്ങളിലെ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യനായി ഓടിപ്പോക. |

2. പ്രവൃത്തികൾ 11:23 നമുക്ക് അവനെ എങ്ങനെ മുറുകെപ്പിടിക്കാമെന്ന് വെളിപ്പെടുത്തുന്നു; ബർന്നബാസ് അന്ത്യോക്യയിലേക്ക് പോയപ്പോൾ, "എല്ലാവരെയും ഹൃദയനിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉത്സാഹിപ്പിച്ചു":
    a. കർത്താവിനെ മുറുകെപ്പിടിക്കുക എന്നാൽ ഹൃദയനിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുക എന്നാണ്.
    b. ഇത് ദൃഢതയോടെ കർത്താവിനോട് വിശ്വസ്തരായിരിക്കുകയും, അവനോട് പറ്റിച്ചേർന്നിരിക്കുകയും, അവനുമായുള്ള ഉറ്റ കൂട്ടായ്മയിൽ ജീവിക്കുകയും ചെയ്യുന്നതാണ്.

C. നാം കർത്താവായ യേശുവിനെ സ്നേഹിക്കുമ്പോൾ, അവൻ തന്റെ ദിവ്യമായി സമ്പുഷ്ടമാക്കപ്പെട്ട മനുഷ്യത്വത്തിൽ ആയിരിക്കുന്നതുപോലെ നാമും ആയിത്തീരുന്നു; സമൃദ്ധനായ ദൈവം അവന്റെ സമ്പന്നമായ ഗുണങ്ങളിൽ നമ്മുടെ നറുമണമുള്ള "യേശുപരമായ" മനുഷ്യ നന്മകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു—2 കൊരി. 2:15.

| | |
|---|---|
| 2 കൊരി. 2:15 | ഞങ്ങൾ രക്ഷിക്കപ്പെടുന്നവരിലും നശിക്കുന്നവരിലും ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യം ആകുന്നു. |

D. ഈ "യേശുപരമായ" മാനുഷിക നന്മകളിൽ അസാധാരണമായ സ്നേഹം, അതിരറ്റ സഹിഷ്ണുത, അതുല്യമായ വിശ്വസ്തത, പൂർണമായ താഴ്മ, അങ്ങേയറ്റം നിർമലത, പരമമായ വിശുദ്ധിയും നീതിയും ശോഭയും നേരും അടങ്ങുന്നു; ഈ നന്മകൾ നാല് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ യേശുവിന്റെ യഥാർഥ ജീവിതത്തെ വിവരിക്കുന്നു, അത് ഇപ്പോൾ നമുക്ക് അനുഭവമാക്കുവാനും ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനുമുള്ള നമ്മുടെ ഉൾവസിക്കുന്ന ജീവനാണ്—എഫെ. 4:20-21.

| | |
|---|---|
| എഫെ. 4:20 | യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, |

എഫെ. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

E. നമ്മുടെ ഉൾവസിക്കുന്ന ജീവനായ ക്രിസ്തു, ദൈവത്തിനും അവന്റെ സംതൃപ്തിക്കും വേണ്ടിയുള്ള ഒരു ജീവിതം നയിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു—നമ്മുടെ ജീവിതം ഹോമയാഗത്താൽ മുൻകുറിക്കപ്പെടുന്ന യേശുവിന്റെ മനുഷ്യജീവിതത്തിന്റെ ഒരു പുനരുൽപ്പാദനമായിത്തീരുന്നു—ലേവ്യ. 1:4, 13.

ലേവ്യ. 1:4 അവൻ ഹോമയാഗത്തിന്റെ തലയിൽ കൈവെക്കേണം; എന്നാൽ അതു അവന്നുവേണ്ടി പ്രായശ്ചിത്തം വരുത്തുവാൻ അവന്റെ പേർക്കു സുഗ്രാഹ്യമാകും.

ലേവ്യ. 1:13 കുടലും കാലും അവൻ വെള്ളത്തിൽ കഴുകേണം; പുരോഹിതൻ സകലവും കൊണ്ടുവന്നു ഹോമയാഗമായി യഹോവെക്കു സൗരഭ്യവാസനയുള്ള ദഹനയാഗമായി യാഗപീഠത്തിന്മേൽ ദഹിപ്പിക്കേണം.

F. നമ്മുടെ ആത്മാവിൽ കർത്താവിനോട് ഹൃദ്യവും സ്വകാര്യവും ആത്മികവുമായ കൂട്ടായ്മ ഉണ്ടായിരിക്കുന്നതിന് നാമെല്ലാവരും അവനോടൊപ്പം വ്യക്തിപരമായി മതിയായ സമയം ചെലവഴിക്കേണ്ടതുണ്ട്, അങ്ങനെ അവന് നമ്മിലൂടെ മറ്റുള്ളവരെ മേയിക്കുവാൻ കഴിയത്തക്കവണ്ണം നമുക്ക് അവന്റെ സ്നേഹ സാരാംശത്താൽ നിറയുവാനും, മറ്റുള്ളവർക്ക് നമ്മിൽ അവനെ കാണുവാൻ കഴിയത്തക്കവണ്ണം അവന്റെ തിളങ്ങുന്ന മൂലകത്താൽ നിറയുവാനും കഴിയും—ഉത്ത. 1:1-4; യോഹ. 4:24; ലൂക്കൊ. 15:20; മത്താ. 5:15-16.

ഉത്ത. 1:1 ശലോമോന്റെ ഉത്തമഗീതം.

ഉത്ത. 1:2 അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.

ഉത്ത. 1:3 നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു.

ഉത്ത. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

യോഹ. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

മത്താ. 5:15 വിളക്കു കത്തിച്ചു അതിനെ പറയിൻകീഴിലല്ല വിളക്കുതണ്ടിന്മേലത്രേ വയ്ക്കുന്നത്; വീട്ടിലുള്ള എല്ലാവർക്കും അതു പ്രകാശിക്കുന്നു.

| | |
|---|---|
| മത്താ. 5:16 | അങ്ങനെതന്നെ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ അവർ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പാകെ പ്രകാശിക്കട്ടെ. |

G. കർത്താവിനെ സേവിക്കുന്നവന്റെ മനുഷ്യത്വം സംരക്ഷിക്കപ്പെടുന്നത് അവൻ കർത്താവിനെ സ്നേഹിക്കുന്നതിലൂടെയാണ്; നാം കർത്താവിനെ സ്നേഹിക്കുന്നത് നമ്മെ യേശുവിന്റെ മനുഷ്യത്വത്തിന്റെ മണ്ഡലത്തിലും ഗോളത്തിലും കാക്കുന്നു; നാം കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ, അവന്റെ ആകർഷണത്തിൽനിന്ന് വരുന്ന നിയന്ത്രണം നമുക്ക് നഷ്ടമാകുകയും, നമുക്ക് എന്തും സകലതും ചെയ്യുവാൻ സാധ്യമാകുകയും ചെയ്യുന്നു—2 തിമൊ. 4:10, 14; എഫെ. 4:17-21.

| | |
|---|---|
| 2 തിമൊ. 4:10 | ദേമാസ് ഇപ്പോഴത്തെ യുഗത്തെ സ്നേഹിച്ചിട്ട്, എന്നെ ഉപേക്ഷിച്ച്, തെസ്സലൊനീക്യയിലേക്കു പോയി; ക്രേസ്കേസ് ഗലാത്യയിലേക്കും, തീത്തൊസ് ദല്മാത്യയിലേക്കും പോയി. |
| 2 തിമൊ. 4:14 | ചെമ്പുപണിക്കാരനായ അലെക്സന്തർ എനിക്കു വളരെ ദോഷം ചെയ്തു; കർത്താവ് അവന്റെ പ്രവൃത്തികൾക്കൊത്തവണ്ണം അവനു പകരം കൊടുക്കും. |
| എഫെ. 4:17 | അതുകൊണ്ട് കർത്താവിൽ ഞാൻ പറയുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നത്, ജാതികൾ തങ്ങളുടെ മനസ്സിന്റെ വ്യർഥതയിൽ നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. |
| എഫെ. 4:18 | അവർ തങ്ങളുടെ അറിവിൽ ഇരുണ്ടുപോയിട്ട്, തങ്ങളിലുള്ള അജ്ഞത നിമിത്തം, തങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം തന്നെ, ദൈവജീവനിൽ നിന്ന് അകന്നിരിക്കുന്നു; |
| എഫെ. 4:19 | അവർ മനം തഴമ്പിച്ചവർ ആകയാൽ, അത്യാഗ്രഹത്തിൽ സകല അശുദ്ധിയും പ്രവർത്തിക്കുവാൻ തങ്ങളെത്തന്നെ ദുഷ്കാമത്തിന് ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു. |
| എഫെ. 4:20 | യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, |
| എഫെ. 4:21 | നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്, |

**III. ത്രിയേക ദൈവം നമ്മിലേക്ക് തന്നെത്തന്നെ പകരുന്നതിന്റെ നിത്യാനുഗ്രഹം ആസ്വദിക്കുന്നതിന്, നാം ക്രിസ്തുവിന്റെ കൃപയിലേക്ക് പ്രവേശിക്കുകയും അതിൽ നിന്നുകൊണ്ട് നമ്മെ കാക്കുകയും വേണം, അത് നമ്മുടെ ആസ്വാദനമായ ത്രിയേക ദൈവമാണ്—റോമ. 5:2:**

| | |
|---|---|
| റോമ. 5:2 | നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു. |

A. പ്രിയനിൽ തന്റെ കൃപയാൽ പിതാവ് നമുക്ക് കൃപ ചൊരിയുന്നത് അനുഭവാക്കുവാനും നമ്മെ കേൾക്കുന്നവർക്ക് കൃപ ലഭിക്കുവാനും കഴിയേണ്ടതിന്, ദിനംപ്രതി നമ്മുടെ കാതുകൾ തുറക്കുവാനും അവന്റെ വായിൽനിന്ന് പുറപ്പെടുന്ന കൃപയുടെ വാക്കുകൾ കേൾക്കുവാൻ നമ്മെ

ഇടയക്കുവാനും നമുക്ക് കർത്താവിനെ ആവശ്യമുണ്ട്—എഫെ. 1:6; യെശ. 50:4-5; ഉത്ത. 8:13; ലൂക്കൊ. 4:22; പ്രവൃ. 20:32; എഫെ. 4:29.

എഫെ. 1:6 പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ.

യെശ. 50:4 തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു

യെശ. 50:5 യഹോവയായ കർത്താവു എന്റെ ചെവി തുറന്നു; ഞാനോ മറുത്തുനിന്നില്ല; പിന്തിരിഞ്ഞതുമില്ല.

ഉത്ത. 8:13 ഉദ്യാനനിവാസിനിയേ, സഖിമാർ നിന്റെ സ്വരം ശ്രദ്ധിച്ചു കേൾക്കുന്നു; അതു എന്നെയും കേൾപ്പിക്കേണമേ.

ലൂക്കൊ. 4:22 എല്ലാവരും അവനു സാക്ഷ്യം വഹിക്കുകയും, അവന്റെ വായിൽനിന്നു പുറപ്പെടുന്ന കൃപയുടെ വചനങ്ങളിൽ ആശ്ചര്യപ്പെടുകയും ചെയ്തു, ഇവൻ യോസേഫിന്റെ മകനല്ലയോ? എന്ന് അവർ പറഞ്ഞു.

പ്രവൃ. 20:32 ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു.

എഫെ. 4:29 നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ.

B. ദിവ്യത്രിത്വത്തിന്റെ ദിവ്യ പകർച്ചയിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ ക്രമാനുഗതമായ കെട്ടുപണിക്കുവേണ്ടി യഥാർഥ ഒരുമയിൽ നമ്മെത്തന്നെ കാക്കുന്നതിന്, സഭാ ജീവിതത്തിൽ ജീവന്റെ കൃപയുടെ ഇറങ്ങിവരുന്ന മഞ്ഞ് നാം ആസ്വദിക്കേണ്ടതുണ്ട്—സങ്കീ. 133.

സങ്കീ. 133:1 ദാവീദിന്റെ ഒരു ആരോഹണ ഗീതം. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

സങ്കീ. 133:2 അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലംപോലെയും

സങ്കീ. 133:3 സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.

**IV. ത്രിയേക ദൈവം നമ്മിലേക്ക് തന്നെത്തന്നെ പകരുന്ന നിത്യാനുഗ്രഹം ആസ്വദിക്കുന്നതിന്, നാം ദിവ്യജീവന്റെ ആന്തരിക ഒഴുക്കായ പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുകയും അതിൽ**

**നമ്മെത്തന്നെ സൂക്ഷിക്കുകയും വേണം—2 കൊരി. 13:14; സംഖ്യ. 6:22-27:**

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

സംഖ്യ. 6:22 യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു:

സംഖ്യ. 6:23 നീ അഹരോനോടും പുത്രന്മാരോടും പറയേണ്ടതു: നിങ്ങൾ യിസ്രായേൽമക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടതു എന്തെന്നാൽ:

സംഖ്യ. 6:24 യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ;

സംഖ്യ. 6:25 യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ;

സംഖ്യ. 6:26 യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ.

സംഖ്യ. 6:27 ഇങ്ങനെ അവർ യിസ്രായേൽമക്കളുടെ മേൽ എന്റെ നാമം വെക്കേണം; ഞാൻ അവരെ അനുഗ്രഹിക്കും.

A. കൂട്ടായ്മ എന്നത് ദിവ്യ ജീവൻ സ്വീകരിക്കുകയും കൈവശമാക്കുകയും ചെയ്ത എല്ലാ വിശ്വാസികളുടെയും ഉള്ളിലുള്ള നിത്യജീവന്റെ ഒഴുക്കാണ്; പുതിയ യെരൂശലേമിലെ ജീവജലനദിയുടെ ഒഴുക്കിനാൽ ഇത് ഉദാഹരിച്ചിരിക്കുന്നു—വെളി. 22:1.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

B. ദിവ്യജീവന്റെ കൂട്ടായ്മയ്ക്ക് ലംബമായ ഒരു വശവും തിരശ്ചീനമായ ഒരു വശവും ഉണ്ടെന്ന് 1 യോഹന്നാൻ 1:2-3-ഉം 6-7-ഉം വെളിപ്പെടുത്തുന്നു:

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1. 1 യോഹന്നാൻ 1:2-3 പറയുന്നു, "(ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ

കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു":

a. കൂട്ടായ്മയുടെ ലംബമായ വശം ത്രിയേക ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയെ സൂചിപ്പിക്കുന്നു; കൂട്ടായ്മയുടെ തിരശ്ചീനമായ വശം പരസ്പരമുള്ള നമ്മുടെ കൂട്ടായ്മയെ സൂചിപ്പിക്കുന്നു.

b. അപ്പൊസ്തലന്മാരുടെ പ്രാരംഭ അനുഭവം ലംബമായിരുന്നു, എന്നാൽ അപ്പൊസ്തലന്മാർ നിത്യജീവനെക്കുറിച്ച് മറ്റുള്ളവരോട് അറിയിച്ചപ്പോൾ, അവർ ദിവ്യ കൂട്ടായ്മയുടെ തിരശ്ചീനമായ വശം അനുഭവമാക്കി.

2. വാക്യം 6 പറയുന്നു, "നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല"; ഇതാണ് കൂട്ടായ്മയുടെ ലംബമായ വശം.

3. വാക്യം 7 പറയുന്നു, "എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്"; ഇതാണ് കൂട്ടായ്മയുടെ തിരശ്ചീനമായ വശം.

4. ജീവന്റെ കൂട്ടായ്മ, ജീവന്റെ ആന്തരിക ഒഴുക്ക്, സന്തോഷത്തിലും ജീവന്റെ വെളിച്ചത്തിന്റെ ആന്തരിക പ്രകാശത്തിലും, ആന്തരിക ഭരണത്തിലും പരിണമിക്കുന്നു—വാ. 4-5; യോഹ. 1:4; 8:12; പ്ര.നി. 2 കൊരി. 5:13.

| | |
|---|---|
| 1 യോഹ. 1:4 | ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു. |
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. |
| യോഹ. 1:4 | അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു. |
| യോഹ. 8:12 | അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു. |
| 2 കൊരി. 5:13 | ഞങ്ങൾ സുബോധമില്ലാത്തവർ ആയിരുന്നുവെങ്കിൽ, അത് ദൈവമുമ്പാകെ ആയിരുന്നു; ഞങ്ങൾ സുബോധമുള്ളവരാകുന്നു എങ്കിൽ, അത് നിങ്ങൾക്കുവേണ്ടി ആകുന്നു. |

C. ദിവ്യ കൂട്ടായ്മയുടെ ലംബവും തിരശ്ചീനവുമായ വശങ്ങൾ തമ്മിലുള്ള ബന്ധം നാം കാണേണ്ടതുണ്ട്:

1. നമുക്ക് കർത്താവുമായി ശരിയായ കൂട്ടായ്മ ഇല്ലെങ്കിൽ, നമ്മുടെ സഹവിശ്വാസികളുമായി കൂട്ടായ്മ ഉണ്ടായിരിക്കുവാൻ പ്രയാസമാണ്; അതുപോലെതന്നെ, നമ്മുടെ സഹവിശ്വാസികളുമായി നമുക്ക് ശരിയായ കൂട്ടായ്മ ഇല്ലെങ്കിൽ, കർത്താവുമായി കൂട്ടായ്മ ഉണ്ടായിരിക്കുവാൻ പ്രയാസമാണ്; ഇതിനുള്ള കാരണം ദിവ്യ കൂട്ടായ്മ ഏക കൂട്ടായ്മയാകുന്നു എന്നതാണ്—പ്രവൃ. 2:42.

| | |
|---|---|
| പ്രവൃ. 2:42 | അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു. |

2. പ്രായോഗികമായ രീതിയിൽ നാം ഈ കൂട്ടായ്മയിൽ അല്ലാത്തപ്പോൾ, നാം ആത്മാവിൽനിന്നും, ത്രിയേക ദൈവത്തിൽനിന്നും, ദിവ്യജീവനിൽനിന്നും പുറത്താണ്—പ്ര.നി. 2 കൊരി. 13:14; 1 കൊരി. 1:9; ഫിലി. 2:1.

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |
| 1 കൊരി. 1:9 | തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ. |
| ഫിലി. 2:1 | അതുകൊണ്ട് ക്രിസ്തുവിൽ വല്ല പ്രോത്സാഹനവും, സ്നേഹത്തിന്റെ വല്ല ആശ്വാസവും, ആത്മാവിന്റെ വല്ല കൂട്ടായ്മയും, വല്ല ആർദ്രതയും മനസ്സലിവുകളും ഉണ്ടെങ്കിൽ, |

3. നമ്മുടെ സഹവിശ്വാസികളുമായി കഴിയുന്നത്ര കൂട്ടായ്മ ഉണ്ടായിരിക്കുവാൻ നാം ശ്രമിക്കണം; ഈ ദിവ്യ കൂട്ടായ്മ നമ്മെ തിരുത്തുക മാത്രമല്ല, അത് നമ്മെ വാർത്തെടുക്കുകയും നമ്മെ പുനഃസംരചിക്കുകയും പോലും ചെയ്യുന്നു; ഈ കൂട്ടായ്മ നമ്മുടെ ആളത്തത്തിന് ഒരു മാറ്റം കൊണ്ടുവരുവാൻ കാരണമാകുന്ന നമ്മുടെ ആത്മിക ആളത്തത്തിലേക്ക് ദിവ്യഘടകാംശം കൊണ്ടുവരുന്നു.

D. തിരശ്ചീനമായ കൂട്ടായ്മ ലംബമായ കൂട്ടായ്മയുമായി ഇടകലർന്നിരിക്കുന്നു; ഈ ഇടകലർന്ന കൂട്ടായ്മയാണ് യഥാർഥ കൂട്ടായ്മ:

1. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് നാം യഥാർഥമായ രീതിയിൽ അന്യോന്യം കൂട്ടായ്മ ആചരിക്കുമ്പോൾ, പ്രാർഥിക്കുവാനും കർത്താവിനെ ബന്ധപ്പെടുവാനും നാം തൽപരരാകുന്നു; കൂട്ടായ്മയുടെ ലംബവും തിരശ്ചീനവുമായ വശങ്ങൾ തമ്മിലുള്ള ബന്ധം എത്രത്തോളം പരസ്പരം ബന്ധപ്പെട്ടതാണെന്ന് ഇത് കാണിക്കുന്നു.

2. വിശുദ്ധന്മാരുമായുള്ള നമ്മുടെ തിരശ്ചീനമായ കൂട്ടായ്മ നമ്മെ കർത്താവുമായുള്ള ലംബമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു; എന്നിട്ട് കർത്താവുമായുള്ള നമ്മുടെ ലംബമായ കൂട്ടായ്മ നമ്മെ വിശുദ്ധന്മാരുമായുള്ള തിരശ്ചീനമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു.

V. **ദിവ്യ കൂട്ടായ്മ ക്രിസ്തീയ ജീവിതത്തിൽ സകലതുമാണ്; കൂട്ടായ്മ അപ്രത്യക്ഷമാകുമ്പോൾ ദൈവവും അപ്രത്യക്ഷമാകുന്നുവെന്ന് നാം മനസ്സിലാക്കണം; ദൈവം കൂട്ടായ്മയായി വരുന്നു:**

A. വൈദ്യുതിയുടെ പ്രവാഹം വൈദ്യുതി തന്നെയായിരിക്കുന്നതുപോലെ, ദിവ്യജീവന്റെ കൂട്ടായ്മ, ദിവ്യജീവന്റെ ഒഴുക്ക്, ദിവ്യജീവൻ തന്നെയാണ്.

B. നമ്മുടെ ക്രിസ്തീയ ജീവിതം ജീവന്റെ കൂട്ടായ്മയിലുള്ള ഒരു ജീവിതമാണ്; ഒടുവിൽ, ഈ ദിവ്യ കൂട്ടായ്മയിൽ ദൈവം നമ്മോടുകൂടെ ഇടകലരുന്നു; ഈ ഇടകലരൽ മനുഷ്യനുമായുള്ള ദൈവത്തിന്റെ ഇഴുകിച്ചേരലാണ്.

C. ദിവ്യ കൂട്ടായ്മ എന്നത് ത്രിയേക ദൈവം ത്രിഭാഗീയ മനുഷ്യരായ നമ്മിലേക്ക് പകർന്ന്, നമ്മെയും ദൈവത്തെയും ഒന്നാക്കുന്നതാണ്; *കൂട്ടായ്മ* എന്നതിനുള്ള യവന പദത്തിന്റെ അർഥം "കൂട്ടായ പങ്കാളിത്തം" എന്നാണ്, ഈ കൂട്ടായ പങ്കാളിത്തം ഒരുമയിൽ പരിണമിക്കുന്നു.

D. വാസ്തവത്തിൽ, കൂട്ടായ്മ എന്നത് ഒരുമ തന്നെയാണ്; ദൈവം നമ്മോട് കൂട്ടായ്മ ആചരിക്കുകയും നാം ദൈവവുമായി കൂട്ടായ്മ ആചരിക്കുകയും ചെയ്യുമ്പോൾ, അത് ദൈവത്തെയും നമ്മളെയും ഒന്നാക്കുന്നു; മുഴുവൻ പ്രപഞ്ചത്തിലും ഒരു വലിയ ഒരുമയുണ്ട്, ഈ വലിയ ഒരുമ ദിവ്യ കൂട്ടായ്മയാണ്.

E. പിതാവും പുത്രനും ആത്മാവും ഒന്നായിരിക്കുന്നതുപോലെ നമ്മെയെല്ലാം ഒന്നാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു; യോഹന്നാൻ 17-ൽ കർത്താവ് പ്രാർഥിച്ചു, "നാം ഒന്നായിരിക്കുന്നതുപോലെ അവർ ഒന്നായിരിക്കേണ്ടതിന്" (വാ. 22); ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരുമ ദിവ്യ ത്രിത്വത്തിന്റെ വികാസംപ്രാപിച്ച ഒരുമയാണ് (വാ. 21).

| | |
|---|---|
| John 17 | be omitted. |
| യോഹ. 17:21 | നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ. |

F. ദിവ്യ കൂട്ടായ്മ ക്രിസ്തുവിന്റെ ശരീരത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യമാണ്:

1. കർത്താവ് ഇതുവരെ മടങ്ങിവരാത്തതിന്റെ കാരണം (വെളി. 22:20) വിശ്വാസികൾ വ്യക്തിപ്രധാനമുള്ളവരും, സ്വതന്ത്രരും, സ്വാഭിപ്രായക്കാരും, വിഭാഗിക്കപ്പെട്ടവരുമായതുകൊണ്ടാണ്.

| | |
|---|---|
| വെളി. 22:20 | ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു, അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ യേശുവേ, വരേണമേ! |

2. ദിവ്യ കൂട്ടായ്മയിൽ നിയന്ത്രിക്കപ്പെടുന്നതിലൂടെ, ക്രിസ്തുവിന്റെ ശരീരം ഒരുമയിൽ സൂക്ഷിക്കപ്പെടുകയും, ശുശ്രൂഷയുടെ വേല മുന്നോട്ടുപോകുന്നത് തുടരുകയും ചെയ്യുന്നു; എല്ലാ കാര്യങ്ങളെയും ജീവിപ്പിക്കുന്നത് കൂട്ടായ്മയാണ്—എഫെ. 4:11-12; പ്ര.നി. യെഹെ. 47:9.

| | |
|---|---|
| എഫെ. 4:11 | അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി, |
| എഫെ. 4:12 | അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം, |
| യെഹെ. 47:9 | എന്നാൽ ഈ നദി ചെന്നുചേരുന്നെടത്തൊക്കെയും ചലിക്കുന്ന സകലപ്രാണികളും ജീവിച്ചിരിക്കും; ഈ വെള്ളം അവിടെ വന്നതുകൊണ്ടു ഏറ്റവും വളരെ മത്സ്യം ഉണ്ടാകും; ഈ നദി ചെന്നു ചേരുന്നേടത്തൊക്കെയും അതു പത്ഥ്യമായ്തീർന്നിട്ടു സകലവും ജീവിക്കും. |

G. കൂട്ടായ്മ എന്നത് സ്വകാര്യ താൽപര്യങ്ങളെ മാറ്റിവച്ച് ഒരു പ്രത്യേക പൊതു ഉദ്ദേശ്യത്തിനായി മറ്റുള്ളവരോട് ചേരുന്നതിനെയും സൂചിപ്പിക്കുന്നു; അതിനാൽ, ദിവ്യ കൂട്ടായ്മയിൽ ജീവിക്കുക എന്നാൽ നമ്മുടെ സ്വകാര്യ താൽപര്യങ്ങളെ നീക്കിവച്ച് ദൈവത്തിന്റെ ഉദ്ദേശ്യം നടപ്പിലാക്കുവാൻ അപ്പൊസ്തലന്മാരോടും ത്രിയേക ദൈവത്തോടുംകൂടെ ചേരുക എന്നാണ്—പ്രവൃ. 2:42; 1 യോഹ. 1:3; 1 കൊരി. 1:9; 3:6, 12.

| | |
|---|---|
| പ്രവൃ. 2:42 | അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു. |
| 1 യോഹ. 1:3 | ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു. |
| 1 കൊരി. 1:9 | തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ. |
| 1 കൊരി. 3:6 | ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. |
| 1 കൊരി. 3:12 | എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ, |

H. ഒടുവിൽ, സഭയും ദിവ്യ ത്രിത്വവും കൂട്ടായ്മയിൽ ഒന്നാകുന്നു—യോഹ. 14:21, 23.

യോഹ. 14:21 എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

**VI. ദിവ്യ കൂട്ടായ്മയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, നമ്മുടെ ആത്മിക ജീവിതത്തിൽ നാല് നിർണായക കാര്യങ്ങളുടെ ഒരു ചക്രം നാം തുടർച്ചയായി അനുഭവമാക്കുന്നു—നിത്യജീവൻ, നിത്യജീവന്റെ കൂട്ടായ്മ, ദിവ്യ വെളിച്ചം, ദൈവപുത്രനായ യേശുവിന്റെ രക്തം; ഇപ്രകാരമുള്ള ചക്രം, നാം പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് സംഘാതമായി എത്തിച്ചേരുവാൻ ജീവന്റെ പക്വതയിലെത്തുന്നതുവരെ ദിവ്യ ജീവന്റെ വളർച്ചയിൽ നമ്മെ മുന്നോട്ട് കൊണ്ടുപോകുന്നു—1 യോഹ. 1:1-9; എബ്രാ. 6:1; എഫെ. 4:12.**

1 യോഹ. 1:1 ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്,

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:4 ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:8 നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

എബ്രാ. 6:1 അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്, നിർജീവപ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരത്തിന്റെയും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും,

എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

## പരിശുദ്ധാത്മാവിനാലുള്ള ദിവ്യ കൂട്ടായ്മയുടെ ലംബമായ വശം

ദിവ്യ കൂട്ടായ്മയ്ക്ക് രണ്ട് വശങ്ങളുണ്ട്: ദൈവത്തിനും നമുക്കും ഇടയിലുള്ള ലംബമായ വശവും വിശ്വാസികൾക്കിടയിലുള്ള തിരശ്ചീനമായ വശവും. ദിവ്യ കൂട്ടായ്മയുടെ തിരശ്ചീനമായ വശം സംഭവിക്കുന്നത് മനുഷ്യാത്മാവിനാൽ ആണ്. ദിവ്യ കൂട്ടായ്മയുടെ ലംബമായ വശം സംഭവിക്കുന്നത് ദിവ്യാത്മാവായ പരിശുദ്ധാത്മാവിനാൽ ആണ് (2 കൊരി. 13:14; 2 തിമൊ. 4:22). "*-നാൽ (by)" എന്ന* വാക്ക് യഥാർഥത്തിൽ നാം എന്താണ് ഉദ്ദേശിക്കുന്നതെന്ന് പ്രകടിപ്പിക്കുവാൻ പര്യാപ്തമല്ല. ആത്മാവ് കേവലം കൂട്ടായ്മയിൽ ഉൾപ്പെട്ടിരിക്കുകയോ, പൊരുതുകയോ, ഇഴുകിച്ചേരുകയോ ചെയ്തിരിക്കുന്നതല്ല. ആത്മാവ് തന്നെയാണ് കൂട്ടായ്മ, കാരണം കൂട്ടായ്മ ആത്മാവിന്റെ ഒഴുക്കാണ്, പ്രവാഹമാണ്. വൈദ്യുതിയുടെ പ്രവാഹം വൈദ്യുതിതന്നെയാണെന്ന് പറയുന്നതുപോലെയാണിത്. വൈദ്യുതിയുടെ പ്രവാഹം ചലനത്തിലുള്ള വൈദ്യുതിയാണ്. വൈദ്യുതി നിലയ്ക്കുമ്പോൾ, വൈദ്യുതിയുടെ പ്രവാഹവും നിലയ്ക്കുന്നു. അതുപോലെ 2 കൊരിന്ത്യർ 13:14-ൽ പരാമർശിച്ചിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൂട്ടായ്മ ആത്മാവ് ചലിക്കുന്നതാണ്. ക്രിസ്തുവിന്റെ കൃപ നാം ആസ്വദിക്കുന്ന ക്രിസ്തുവാണ്, ദൈവത്തിന്റെ സ്നേഹം നാം രുചിക്കുന്ന ദൈവമാണ്, ആത്മാവിന്റെ കൂട്ടായ്മ നമ്മുടെ ഉള്ളിൽ ചലിക്കുന്ന ആത്മാവാണ്. ദിവ്യ കൂട്ടായ്മ പരിശുദ്ധാത്മാവ് തന്നെയാണ്.

ദിവ്യാത്മാവില്ലാതെ കൂട്ടായ്മയില്ല. ആത്മാവുതന്നെയാണ് കൂട്ടായ്മയുടെ മൂലകം. ഒരു സ്റ്റാൻഡ് മരം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെങ്കിൽ, മരം സ്റ്റാൻഡിന്റെ മൂലകമാണ്. അതുപോലെ, ഒരു സ്റ്റാൻഡ് ഉരുക്ക് കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെങ്കിൽ, ഉരുക്ക് സ്റ്റാൻഡിന്റെ മൂലകമാണ്. നിങ്ങൾ മൂലകം നീക്കം ചെയ്താൽ, സ്റ്റാൻഡ് നിലനിൽക്കയില്ല. ദിവ്യ കൂട്ടായ്മയുടെ കാര്യത്തിലും

ഇതുതന്നെയാണ് അവസ്ഥ. നിങ്ങൾ ആത്മാവിനെ നീക്കം ചെയ്താൽ, ദിവ്യ കൂട്ടായ്മ അപ്രത്യക്ഷമാകും.

ഇന്നത്തെ ക്രിസ്ത്യാനിത്ത്വത്തിൽ ദിവ്യ കൂട്ടായ്മയുടെ അനുഭവത്തിന്റെ വലിയ കുറവ് കാണാം. ഇക്കാരണത്താൽ, ദിവ്യ ജീവന്റെ കൂട്ടായ്മയെ സംബന്ധിച്ച് ഒന്നുംതന്നെ സംസാരിക്കുന്നില്ല. മിക്കപ്പോഴും, ആളുകൾ രക്ഷിക്കപ്പെടുമ്പോൾ, മരണശേഷം സ്വർഗ്ഗത്തിൽ പോകുമെന്ന് ആളുകളോട് പറഞ്ഞുകൊണ്ടാണ് സുവിശേഷം പ്രസംഗിക്കുന്നത്. എന്നിരുന്നാലും, ഒരുവൻ മരിച്ചതിനുശേഷം സ്വർഗ്ഗത്തിൽ പോകുന്നതിനെക്കുറിച്ചുള്ള വാക്ക് പൂർണ്ണമായും തെറ്റാണ്. ഒരു വ്യക്തി മരിക്കുമ്പോൾ, അവൻ സ്വർഗ്ഗത്തിലേക്കല്ല, പാതാളത്തിലേക്കാണ് പോകുന്നത് (ലൂക്കൊ. 16:22-23; പ്രവൃ. 2:27, 31). വിശ്വാസികൾ പറുദീസ എന്നറിയപ്പെടുന്ന പാതാളത്തിലെ സുഖകരമായ ഭാഗത്തേക്ക് പോകുകയും അവിശ്വാസികൾ പാതാളത്തിലെ അരോചകമായ ഭാഗത്തേക്ക് പോകുകയും ചെയ്യുന്നു (2 കൊരി. 12:4; ലൂക്കൊ. 23:43; 16:22-23, 25-26).

ബൈബിൾ അനുസരിച്ച്, വിശുദ്ധന്മാർ മരണശേഷം സ്വർഗ്ഗത്തിലേക്ക് പോകുന്നില്ല, മറിച്ച് പറുദീസയിലേക്കാണ് പോകുന്നത്. മരണശേഷം വിശുദ്ധന്മാർ സ്വർഗ്ഗത്തിലേക്ക് പോകുമെന്ന ചിന്ത മത്തായി 13:33-ലെ സ്ത്രീ മൂന്ന് പറ മാവിൽ ചേർത്ത പുളിപ്പിന്റെ ഭാഗമാണ്. ഈ സ്ത്രീ റോമൻ കത്തോലിക്കാ സഭയാണ്, അവർ നിരവധി വിജാതീയ ആചാരങ്ങളും, ദൈവവിരുദ്ധ ഉപദേശങ്ങളും, ദുഷ്ട കാര്യങ്ങളും സ്വീകരിച്ച് ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശങ്ങളുമായി കലർത്തി ക്രിസ്തുമതത്തിന്റെ മുഴുവൻ ഉള്ളടക്കത്തെയും പുളിപ്പിച്ചു. ഇന്ന് മിക്ക ക്രിസ്തുമതങ്ങളും പൂർണ്ണമായും പുളിപ്പിച്ച ഒരു സുവിശേഷം പ്രസംഗിക്കുന്നു.

വിശ്വാസികളായ നാം ഇന്ന് വീണ്ടെടുക്കപ്പെട്ടിരിക്കുന്നു, എന്നാൽ മരണത്തിന്റെ സ്വാധീനം ഇപ്പോഴും നമ്മിൽ നിലനിൽക്കുന്നു. ശാരീരിക മരണം നമ്മുടെ ആത്മാവിനെയും ദഹിയെയും നമ്മുടെ ശരീരത്തിൽ നിന്ന് വേർപെടുത്തുവാൻ കാരണമാക്കുന്നു. ഈ വേർപിരിയൽ മരണത്തിന്റെ ഫലമാണ്. മരിച്ച വിശ്വാസികളുടെ ആത്മാക്കളും ദേഹികളും പറുദീസയിൽ പുനരുത്ഥാന ദിവസത്തിനായി കാത്തിരിക്കുന്നു (യോഹ. 5:29a), അവരുടെ ശരീരം വീണ്ടെടുക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യുന്ന ദിവസത്തിനായി കാത്തിരിക്കുന്നു (റോമ. 8:23; ഫിലി. 3:21; 1 കൊരി. 15:51-52). പുനരുത്ഥാനത്തിനാലും പുനരുത്ഥാനത്തിലും മരിച്ച ഓരോ വിശ്വാസിയുടെയും ആത്മാവും ദേഹിയും ദേഹവും ഇനി വേർപിരിഞ്ഞിരിക്കുകയില്ല.

ഇന്ന് പൗലൊസ് അപ്പൊസ്തലൻ ഇപ്പോഴും ശരീരത്തിൽ നിന്ന് വേർപിരിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ശരീരം ഒരുപക്ഷെ റോമിലെവിടെയോ, താൻ രക്തസാക്ഷിത്വം വരിച്ച സ്ഥലത്ത്, അടക്കം ചെയ്തിട്ടുണ്ടാകാം, പക്ഷേ അദ്ദേഹത്തിന്റെ ആത്മാവും ദേഹിയും പറുദീസയിലാണ്. കർത്താവിന്റെ വരവിൽ പുനരുത്ഥാനത്താൽ മരണത്തിന്റെ ഈ ഫലം മായ്ക്കപ്പെടും. പൗലൊസിന്റെ മൃതദേഹം ഭൂമിയിൽ നിന്ന് ഉയിർപ്പിക്കുവാനും, അതിനെ

രൂപാന്തരപ്പെടുത്തുവാനും, പൗലൊസിനെ അവന്റെ രൂപാന്തരപ്പെട്ട ശരീരവുമായി വീണ്ടും ഒന്നിപ്പിക്കുവാനും കർത്താവ് തന്റെ അത്ഭുതകരവും, പരമാധികാരപരവും, ബലവത്തായതുമായ ശക്തി പ്രയോഗിക്കും. ഇത് മരണത്തിന്റെ ഫലത്തെ ഇല്ലാതാക്കുന്നു. പുനരുത്ഥാന ജീവന് മാത്രമേ മരണത്തിന്റെ ഫലത്തെ ജയിക്കുവാൻ കഴിയുകയുള്ളൂ (വാ. 54-55).

ഫിലിപ്പിയർ 1:23-ൽ പൗലൊസ് പറയുന്നു, "എന്നാൽ രണ്ടിനും ഇടയിൽ ഞാൻ ഞെരുങ്ങുന്നു, വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ആയിരിക്കുവാൻ വാഞ്ഛ ഉണ്ട്, അത് അത്യുത്തമമല്ലോ." ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നത് സ്ഥലത്തിന്റെ കാര്യമല്ല, അളവിന്റെ (degree) കാര്യമാണ്. ഒരു ഉയർന്ന അളവിൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കാൻ പൗലൊസ് ആഗ്രഹിച്ചപ്പോഴും, ക്രിസ്തു ഇതിനകംതന്നെ തുടർമാനമായി അവനോടൊപ്പമുണ്ടായിരുന്നു. തന്റെ ശാരീരിക മരണത്തിലൂടെ, ഈ ഭൗമിക ജീവിതത്തിൽ അവൻ ആസ്വദിച്ചതിനേക്കാൾ പൂർണ്ണമായ അളവിൽ ക്രിസ്തുവിനോടുകൂടെ പറുദീസയിൽ ആയിരിക്കുമായിരുന്നു. ഈ തിരിച്ചറിവുണ്ടായിരിന്നിട്ടും, ഫിലിപ്പിയ വിശ്വാസികൾക്കുവേണ്ടി ഭൂമിയിൽ തുടരുവാൻ പൗലൊസ് തിരഞ്ഞെടുത്തു (വാ. 24-25).

മരണത്തിലൂടെ എന്റെ ശരീരം ഉപേക്ഷിക്കാതിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ സമയത്ത്, എന്റെ ശരീരം അവന്റെ മഹത്വത്തിന്റെ ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു (3:21). മരിച്ച വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിലോ, ജീവിച്ചിരിക്കുന്നവരുടെ കായാന്തരണത്തിലോ, നശ്വരവും മർത്യവുമായ ശരീരം അനശ്വരവും അമർത്യതയും ധരിക്കും (1 കൊരി. 15:52-53). ആ സമയത്ത് ജയത്തിങ്കലേക്ക് മരണം വിഴുങ്ങപ്പെടും (വാ. 54).

വിശുദ്ധരുടെ ഉൽപ്രാപണത്തെക്കുറിച്ചുള്ള ശരിയായ ഉപദേശം ക്രിസ്തുമതത്തിൽ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ദിവ്യ കൂട്ടായ്മയെക്കുറിച്ചുള്ള ശരിയായ ഉപദേശവും നഷ്ടപ്പെട്ടുപോയിരിക്കുന്നു. എല്ലാ പുളിപ്പില്ലാത്ത ദിവ്യസത്യങ്ങളുടെയും പൂർണ്ണമായ പ്രത്യുദ്ധാരം കർത്താവിന് ആവശ്യമാണ്.

## മനുഷ്യാത്മാവിനാലുള്ള ദിവ്യകൂട്ടായ്മയുടെ തിരശ്ചീന വശം

മനുഷ്യാത്മാവിലൂടെ ദിവ്യ കൂട്ടായ്മയുടെ തിരശ്ചീന വശത്തേക്ക് നാം പ്രവേശിക്കേണ്ടതുണ്ട് (ഫിലി. 2:1; വെളി. 1:10). നമുക്ക് പരസ്പരം തിരശ്ചീനമായി യഥാർഥ കൂട്ടായ്മ ഉണ്ടാകണമെങ്കിൽ, നമ്മുടെ ആത്മാവിനെ പ്രയോഗിക്കേണ്ടതുണ്ട്. നമ്മുടെ ആത്മാവിനെ പ്രയോഗിക്കുകയാണെങ്കിൽ, നാം ഒരിക്കലും ലൗകികമായ രീതിയിൽ സംസാരിക്കുകയോ, വിശുദ്ധന്മാരെക്കുറിച്ചോ സഭകളെക്കുറിച്ചോ പ്രതിലോമമായി സംസാരിക്കുകയോ ചെയ്യില്ല. ആ പ്രദേശത്തെ നിരവധി വിശുദ്ധന്മാർ മറ്റ് വിശുദ്ധന്മാരെയും മറ്റ് സഭകളെയും കുറിച്ച് പ്രതിലോമ കാര്യങ്ങൾ സംസാരിച്ചുകൊണ്ട് സമയം ചെലവഴിക്കുകയാണെങ്കിൽ ഒരു പ്രാദേശിക സഭയ്ക്ക് ഗുരുതരമായ

കേടുപാടുകൾ സംഭവിച്ചെന്നുവരാം. അത്തരം ചർച്ചകൾ വിശുദ്ധന്മാർക്കിടയിൽ പരദൂഷണവും മരണവും പരത്തുന്നു. വിശുദ്ധന്മാർ തമ്മിലുള്ള ഇത്തരത്തിലുള്ള സമ്പർക്കം ഫിലിപ്പിയർ 2-ൽ പൗലൊസ് പറയുന്ന ആത്മാവിന്റെ കൂട്ടായ്മയല്ല. ഫിലിപ്പിയർ 2:1-2-ൽ പൗലൊസ് പറയുന്നു, "അതുകൊണ്ട് ക്രിസ്തുവിൽ വല്ല പ്രോത്സാഹനവും, സ്നേഹത്തിന്റെ വല്ല ആശ്വാസവും, ആത്മാവിന്റെ വല്ല കൂട്ടായ്മയും, വല്ല ആർദ്രതയും മനസ്സലിവുകളും ഉണ്ടെങ്കിൽ, നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്." പൗലൊസ് ഇപ്രകാരം പറയുന്നതായി തോന്നുന്നു, "സഹോദരന്മാരേ, നിങ്ങൾക്ക് എന്നോട് ആത്മാവിൽ എന്തെങ്കിലും കൂട്ടായ്മയുണ്ടെങ്കിൽ, നിങ്ങളുടെ കൂട്ടായ്മ എന്റെ പ്രോത്സാഹനവും ആശ്വാസവും ആയിരിക്കും. അപ്പോൾ നിങ്ങൾ എന്റെ സന്തോഷം പൂർണ്ണമാക്കും."

നമ്മുടെ ആത്മാവുമൂലമാണ് യഥാർഥ കൂട്ടായ്മ ഉണ്ടാകുന്നത്. നാം നമ്മുടെ ആത്മാവിനെ പ്രയോഗിക്കുമ്പോൾ, ലൗകിക വിനോദങ്ങളെയും ഉല്ലാസങ്ങളെയും കുറിച്ച് സംസാരിക്കുവാൻ നമുക്ക് കഴിയില്ല. നമ്മുടെ ആത്മാവിനെ പ്രയോഗിക്കുമ്പോൾ, നമ്മുടെ സംഭാഷണത്തിന്റെ സ്വഭാവം മാറും, കാരണം നമ്മുടെ ആത്മാവ് വിശുദ്ധമാണ് (cf. 2 കൊരി. 6:6). ഒരു പ്രത്യേക സഭയിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ, നമുക്ക് സാഹചര്യത്തെക്കുറിച്ച് മാത്രം സംസാരിക്കാനുള്ള ആഗ്രഹം ഉണ്ടായേക്കാം, എന്നാൽ നമ്മുടെ ഉള്ളിലെ ആത്മാവ് നമ്മെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കും. മറ്റുള്ളവരുടെ തെറ്റുകളെയും പരാജയങ്ങളെയും കുറിച്ച് പരദൂഷണം പറയുവാൻ നമ്മുടെ ആത്മാവ് നമ്മെ അനുവദിക്കില്ല. തിരശ്ചീന കൂട്ടായ്മയുടെ യാഥാർത്ഥ്യം നേടാനുള്ള ഏക മാർഗം നമ്മുടെ ആത്മാവിനെ പ്രയോഗിക്കുന്നതിലൂടെയാണ്.

ദിവ്യ കൂട്ടായ്മയുടെ രണ്ട് വശങ്ങൾ നമ്മെ രണ്ട് ആത്മാക്കളിൽ, പരിശുദ്ധാത്മാവിലും മനുഷ്യാത്മാവിലും, ആയിരിക്കാൻ ആവശ്യപ്പെടുന്നു. ഈ രണ്ട് ആത്മാക്കൾ ഒടുവിൽ ഒന്നായിത്തീരുന്നു (റോമർ 8:16; 1 കൊരിന്ത്യർ 6:17). റോമർ 8:4-ൽ ആത്മാവിനനുസരിച്ച് നടക്കുവാൻ പൗലൊസ് നമ്മോട് ആവശ്യപ്പെടുമ്പോൾ, അവൻ ഇഴുകിച്ചേർന്ന ആത്മാവിനെക്കുറിച്ചാണ് സംസാരിക്കുന്നത് — നമ്മുടെ മനുഷ്യാത്മാവുമായി ഇഴുകിച്ചേർന്ന ദിവ്യാത്മാവ്. ദിവ്യ കൂട്ടായ്മ നടപ്പിലാക്കാൻ നാം നമ്മുടെ ആത്മാവിനെ പ്രയോഗിക്കുമ്പോൾ, ക്രിസ്തു ഒഴികെയുള്ള എല്ലാറ്റിൽനിന്നും നാം പൂർണ്ണമായും വിശുദ്ധീകരിക്കപ്പെടുകയും, കാക്കപ്പെടുകയും, രക്ഷിക്കപ്പെടുകയും ചെയ്യുന്നു. വിജയികളാകാനും, ജയിക്കാനും, വിശുദ്ധീകരിക്കപ്പെടാനും, രൂപാന്തരപ്പെടാനും വേണ്ടി, ദിവ്യ കൂട്ടായ്മയുടെ രണ്ട് വശങ്ങൾ നടപ്പിലാക്കുവാൻ, നാം നമ്മുടെ ആത്മാവിനെ പ്രയോഗിക്കേണ്ടതുണ്ട്.

## ലംബവും തിരശ്ചീനവുമായ വശങ്ങൾ ഉൾപ്പെടുന്ന കൂട്ടിയിണക്കപ്പെട്ട കൂട്ടായ്മ

ദിവ്യ കൂട്ടായ്മയുടെ തിരശ്ചീനവും ലംബവുമായ വശങ്ങൾ വളരെ അടുത്ത ബന്ധമുള്ളവയാണ്. നമ്മുടെ അനുഭവത്തിൽ നിന്ന് നമുക്ക് ഇത് കാണാൻ കഴിയും. ചിലപ്പോൾ നാം മറ്റ് വിശുദ്ധന്മാരെക്കുറിച്ച്, അവരുടെ സാഹചര്യത്തെക്കുറിച്ച് കൂട്ടായ്മ ചെയ്യുന്നു എന്ന് നടിച്ചുകൊണ്ട് സംസാരിച്ചേക്കാം, എന്നാൽ നമ്മുടെ സംഭാഷണം യഥാർഥത്തിൽ പരദൂഷണമാണ്. പിന്നീട്, നമ്മുടെ പ്രാർഥനയുടെ ആത്മാവ് നമ്മുടെ പരദൂഷണത്തിലൂടെ കെട്ടുപോയതിനാൽ നമുക്ക് പലപ്പോഴും പ്രാർത്ഥിക്കുവാൻ കഴിയാതെവരുന്നു. എന്നാൽ നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട് യഥാർഥ നിലയിൽ കൂട്ടായ്മ നടത്തുമ്പോൾ, പ്രാർത്ഥിക്കാനും കർത്താവിനെ ബന്ധപ്പെടാനും നാം ആകാംക്ഷയോടെ കാത്തിരിക്കും. കൂട്ടായ്മയുടെ ലംബവും തിരശ്ചീനവുമായ വശങ്ങൾ തമ്മിലുള്ള ബന്ധം എത്ര അടുത്തതാണെന്ന് ഇത് കാണിക്കുന്നു. തിരശ്ചീനമായ കൂട്ടായ്മ നമ്മെ ലംബമായ കൂട്ടായ്മയിലേക്ക് നയിക്കുന്നു. യഥാർഥവും ശരിയായതും തിരശ്ചീനവുമായ കൂട്ടായ്മ ലഭിക്കുവാൻ രണ്ട് സഹോദരന്മാർ അവരുടെ ആത്മാവിനെ പ്രയോഗിക്കുകയാണെങ്കിൽ, ഒടുവിൽ അവർ വളരെ സത്യസന്ധവും ആത്മാർഥവുമായ ഒരു പക്ഷവാദ പ്രാർഥനയിലേക്ക് നയിക്കപ്പെടും. അവർ ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ, ദിവ്യ കൂട്ടായ്മയുടെ രണ്ട് വശങ്ങളും പരസ്പരം കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു. തിരശ്ചീനമായ കൂട്ടായ്മ ലംബമായ കൂട്ടായ്മയുമായി പരസ്പരം കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു. ഈ പരസ്പരം കൂട്ടിയിണക്കപ്പെട്ടിരിക്കുന്ന കൂട്ടായ്മയാണ് യഥാർഥ കൂട്ടായ്മ.

കൂട്ടായ്മയ്ക്ക് ഒരു വശം മാത്രം ഉണ്ടായിരിക്കാൻ കഴിയില്ല. തിരശ്ചീനമായ കൂട്ടായ്മയില്ലാതെ നിങ്ങൾക്ക് ലംബമായ കൂട്ടായ്മ ഉണ്ടായിരിക്കാൻ കഴിയില്ല. ലംബമായ കൂട്ടായ്മയിൽ കർത്താവിനൊപ്പം നിങ്ങൾക്ക് ഒരു നല്ല സമയം ഉണ്ടെങ്കിൽ, മറ്റ് വിശുദ്ധന്മാരുമായി കൂട്ടായ്മയിലായിരിക്കുന്നതിനായി അവരെ കാണുവാൻ നിങ്ങൾ ആകാംക്ഷയുള്ളവരായിരിക്കും. ഒരിക്കൽ പ്രാർഥനയിലൂടെ വിശുദ്ധന്മാരുമായി കൂട്ടായ്മയുള്ളപ്പോൾ, നിങ്ങൾ വീണ്ടും കർത്താവുമായുള്ള ലംബമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരപ്പെടും. വിശുദ്ധന്മാരുമായുള്ള നിങ്ങളുടെ തിരശ്ചീനമായ കൂട്ടായ്മ നിങ്ങളെ കർത്താവുമായുള്ള ലംബമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു. ശേഷം, കർത്താവുമായുള്ള നിങ്ങളുടെ കൂട്ടായ്മ നിങ്ങളെ വിശുദ്ധന്മാരുമായുള്ള തിരശ്ചീനമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു. അങ്ങനെ, ഈ രണ്ട് വശങ്ങളും എല്ലായ്പ്പോഴും പരസ്പരം കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു; അതായത്, അവ എല്ലായ്പ്പോഴും പരസ്പരം ബന്ധിച്ച് കടന്നുപോകുന്നു.

രണ്ട് വശങ്ങളോടുകൂടെയുള്ള ദിവ്യ കൂട്ടായ്മയുടെ ശരിയായ വീക്ഷണം നമുക്കുണ്ടാകുമ്പോൾ, മറ്റ് വിശുദ്ധന്മാരുമായി കൂട്ടായ്മയിലാകാൻ നമുക്ക് അവസരം ലഭിച്ചതിന് നാം കർത്താവിനോട് നന്ദി പറയും. എല്ലാ ദിവസവും നാം കർത്താവുമായി കൂട്ടായ്മ ചെയ്യുമ്പോൾ, നാം മറ്റ് വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ

ചെയ്യലിലേക്ക് ആനയിക്കപ്പെടുന്നു. നമുക്ക് ഈ തരത്തിലുള്ള കൂട്ടായ്മ ചെയ്യൽ എത്രത്തോളം ഉണ്ടാകുന്നുവോ അത്രയധികം നാം ഒരുമിച്ച് പാടുകയും കർത്താവിനെ സ്തുതിക്കുകയും ചെയ്യും. ദിവ്യ കൂട്ടായ്മ നമുക്ക് കുറവായതിനാൽ നമ്മുടെ ഇടയിൽ അധികം പാട്ടും സ്തുതിയും ഇല്ല.

## ക്രിസ്തീയ ജീവിതത്തിലെ സർവവും ദിവ്യ കൂട്ടായ്മയാണ്

വൈദ്യുതിയുടെ പ്രവാഹം വൈദ്യുതി തന്നെയായിരിക്കുന്നതുപോലെ, ദിവ്യ ജീവന്റെ കൂട്ടായ്മ, ദിവ്യ ജീവന്റെ പ്രവാഹം, ദിവ്യ ജീവൻ തന്നെയാണ്. വൈദ്യുത ഉപകരണങ്ങൾ ഒരു "വൈദ്യുത ജീവിതം", വൈദ്യുതിയുടെ പ്രവാഹത്തിന്റെ ജീവിതം നയിക്കുന്നു എന്ന് നമുക്ക് പറയാം. അതുപോലെ, നമ്മുടെ ക്രിസ്തീയ ജീവിതം ദിവ്യ ജീവന്റെ കൂട്ടായ്മയുടെ ജീവിതമാണ്. ക്രിസ്തീയ യോഗം, ക്രിസ്തീയ വിവാഹ ജീവിതം, ക്രിസ്തീയ വേല എന്നിവ ദിവ്യ കൂട്ടായ്മ മാത്രമാണെന്ന് പുതിയനിയമം വെളിപ്പെടുത്തുന്നു. ക്രിസ്തീയ ജീവിതത്തിലെ സകലവും ദിവ്യ കൂട്ടായ്മയാണ്. പ്രവൃത്തികൾ 2-ൽ രക്ഷിക്കപ്പെട്ടവരെ അപ്പൊസ്തലന്മാരുടെ കൂട്ടായ്മയിലേക്ക് കൊണ്ടുവരികയും, അതിൽ അവർ സ്ഥിരമായി തുടരുകയും ചെയ്തു (വാ. 42). പിന്നീട് പുതിയ നിയമത്തിൽ, ദിവ്യ കൂട്ടായ്മയെ പിതാവിന്റെയും അവന്റെ പുത്രന്റെയും കൂട്ടായ്മയെന്നും (1 യോഹ. 1:3), പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയെന്നും (2 കൊരി. 13:14), ആത്മാവിന്റെ കൂട്ടായ്മയെന്നും (ഫിലി. 2:1) വിളിക്കുന്നു.

യോഹന്നാന്റെ ആദ്യ ലേഖനത്തിൽ, അവൻ ദിവ്യ കൂട്ടായ്മയെക്കുറിച്ച് സംസാരിക്കുന്നു. 1 യോഹന്നാൻ 1:2-3 പറയുന്നു, "(ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു." വിശ്വാസികളുമായി കൂട്ടായ്മ ഉണ്ടായിരിക്കുവാൻ അപ്പൊസ്തലന്മാർ ആഗ്രഹിച്ചു; ഇതാണ് തിരശ്ചീനമായ കൂട്ടായ്മ. അതിനുശേഷം അപ്പൊസ്തലന്മാർ, അവരുടെ കൂട്ടായ്മ, ത്രിയേക ദൈവവുമായുള്ളതാണെന്ന് പ്രസ്താവിച്ചു; ഇതാണ് ലംബമായ കൂട്ടായ്മ. ലംബമായ കൂട്ടായ്മ നമ്മെ തിരശ്ചീനമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു. തിരശ്ചീനമായ കൂട്ടായ്മ പിന്നീട് നമ്മെ വലിയ തോതിൽ ലംബമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു. ഈ വലിയ തോതിലുള്ള കൂട്ടായ്മയാണ് യോഗങ്ങൾ.

ഇന്ന് നാം പുതിയ മാർഗത്തെ, ദൈവ-നിയോഗിത മാർഗത്തെ, കണ്ടുമുട്ടുന്നതിനും സേവിക്കുന്നതിനുമായി ഊന്നിപ്പറയുന്നു. പുതിയ മാർഗം നമുക്ക് ഇപ്പോഴുള്ളതിൽ നിന്ന് വ്യത്യസ്തമായ ഒരു കൂട്ടായ്മയിൽ പരിണമിക്കുമെന്ന് നാം മനസ്സിലാക്കണം. പുതിയ മാർഗം അനുസരിച്ചുള്ള കൂട്ടായ്മകളിൽ, ദിവ്യ

കൂട്ടായ്മയുടെ ലംബവും തിരശ്ചീനവുമായ വശങ്ങളിൽ പങ്കെടുത്തുകൊണ്ട്, എല്ലാവരും ക്രിസ്തുവിന്റെ ആസ്വാദനത്താൽ നിറഞ്ഞവരായിരിക്കും. കൂട്ടായ്മ തന്നെ ഒരു കൂട്ടായ്മ ചെയ്യലായിരിക്കും. എന്നിരുന്നാലും, ഇന്ന് നമ്മുടെ കൂട്ടായ്മകൾ ഇതുപോലെയല്ല. ശരിയായ കൂട്ടായ്മകളെക്കുറിച്ച് നാം കണ്ട ദർശനത്തിന്റെ നിലവാരത്തിലേക്ക് അവ എത്തിയിട്ടില്ല.

യോഗങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും ദിവ്യ കൂട്ടായ്മയുടെ ആവിഷ്കാരമായിരിക്കണം. പ്രവചിക്കുക എന്നത് ഈ കൂട്ടായ്മയുടെ ആവിഷ്കാരമാണ്. സാക്ഷ്യപ്പെടുത്തുക എന്നതും ഈ കൂട്ടായ്മയുടെ ഭാഗമാണ്. കർത്തൃമേശയിലെ വിശുദ്ധന്മാർക്ക് ബൈബിളിൽ നിന്നുള്ള ഒരു വാക്യം വായിച്ചുകൊടുക്കുന്നതും ഈ കൂട്ടായ്മയുടെ ഒരു ചെറിയ ഭാഗമായിരിക്കാം. മുഴുവൻ യോഗവും ഒരു കൂട്ടായ്മ ചെയ്യൽ ആയിരിക്കണം. നാം കർത്താവിനോട് ലംബമായി കൂട്ടായ്മ ചെയ്തുകൊണ്ടിരിക്കണം, അതേസമയം, പരസ്പരം തിരശ്ചീനമായും കൂട്ടായ്മ ചെയ്തുകൊണ്ടിരിക്കണം.

ഒടുവിൽ, ഈ ദിവ്യ കൂട്ടായ്മയിൽ ദൈവം നാമുമായി കൂട്ടിയിണക്കപ്പെടുന്നു. ഈ കൂട്ടിയിണക്കപ്പെട്ട ബന്ധം ദൈവം മനുഷ്യനോട് ഇഴുകിച്ചേരുന്നതാണ്. എല്ലാ കൂട്ടായ്മകളും ലംബവും തിരശ്ചീനവുമായ വശങ്ങളുമായി കൂട്ടിയിണക്കപ്പെട്ട കൂട്ടായ്മയായിരിക്കണം. നമ്മുടെ ദാമ്പത്യ ജീവിതവും കൂട്ടിയിണക്കപ്പെട്ട കൂട്ടായ്മയായിരിക്കണം. ഭാര്യാഭർത്താക്കന്മാർ പരസ്പരം മാത്രമല്ല, കർത്താവുമായും കൂട്ടിയിണക്കപ്പെട്ടിരിക്കണം. യഥാർഥ ക്രിസ്തീയ വിവാഹം ദിവ്യ കൂട്ടായ്മയായിരിക്കണം. നമ്മുടെ ഏകോപനവും ഒരുമിച്ചുള്ള പ്രവർത്തനവും ദിവ്യ കൂട്ടായ്മയായിരിക്കണം.

കൂട്ടായ്മ അപ്രത്യക്ഷമാകുമ്പോൾ ദൈവവും അപ്രത്യക്ഷമാകുമെന്ന് നാം മനസ്സിലാക്കണം. ദൈവം കൂട്ടായ്മയായി വരുന്നു. ഇന്ന് നമ്മുടെ കൂട്ടായ്മകൾ, നമ്മുടെ വിവാഹജീവിതം, സഹപ്രവർത്തകർക്കിടയിലെ ഏകോപനം, പ്രാദേശിക സഭകൾക്കിടയിലെ കൂട്ടായ്മ എന്നിവ അസാധാരണമാണ്, കാരണം നമുക്ക് ഈ കൂട്ടായ്മ കുറവാണ്. ഇന്ന് പ്രാദേശിക സഭകൾക്കിടയിൽ ആവശ്യത്തിന് കൂട്ടായ്മയില്ല, സഭകൾ കൂട്ടായ്മയിൽ പൂർണ്ണമായും ഒന്നല്ല.

ദിവ്യ കൂട്ടായ്മ ക്രിസ്തീയ ജീവിതത്തിലെ എല്ലാമാണ്. അപ്പൊസ്തലനായ പൗലൊസ് ഈ കൂട്ടായ്മയിലാണ് ജീവിച്ചത്. നാം ദിവ്യ കൂട്ടായ്മയിൽ ജീവിക്കുമ്പോൾ, നമ്മുടെ ക്രിസ്തീയ ജീവിതം വളരെ ജീവനുള്ളതും, സജീവവും, സ്വാധീനം നിറഞ്ഞതുമായി മാറുന്നു. രണ്ട് ആത്മാക്കളാൽ അതിന്റെ രണ്ട് വശങ്ങളിലുള്ള ദിവ്യ കൂട്ടായ്മയുടെ അനുഭവത്തിലേക്ക് നാം പൂർണ്ണമായും പ്രവേശിക്കേണ്ടതുണ്ട്. (*The Collected Works of Witness Lee, 1990, vol. 1, “The Triune God to Be Life to the Tripartite Man,” pp. 359-365*)